പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1878 05.10.2016 -ൽ മറുപടിക്ക്

# സിനിമ തീയറ്റർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ

ചോദ്യം

ശ്രീമതി. പി.അയിഷാ പോറ്റി

മറുപടി

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമ തിയേറ്റർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. തിയേറ്ററുകളിൽ സിനിമ വൈഡ് റിലീസിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സിനിമ തിയേറ്ററുകളെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി ക്ലാസിഫൈ ചെയ്യുന്നതിന് സ.ഉ.(സാധാ) നം. 507/11/സാം.കാ.വ. തീയതി 19.10.11 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ തിയേറ്റർ ക്ലാസിഫിക്കേഷൻ സംബന്ധിച്ചുള്ള പരാതികളിന്മേലും അപ്പീലുകളിന്മേലും തീർപ്പുണ്ടാക്കുന്നതിനായി ഒരു സ്ഥിരം സമിതിയ്ക്ക് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സിനിമ തിയേറ്ററുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഗ്രാമപ്രദേശങ്ങളിൽ ചെറു തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങുന്നതിന് പദ്ധതി ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഗ്രാമപ്രദേശങ്ങളിൽ ചെറു തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ